**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5853** **25-03-2025 - ൽ മറുപടിയ്ക്ക്**

**എ.വി.ജി.സി. വ്യവസായ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അനിമേഷൻ, വിഷ്വൽ എഫക്ട്, ഗെയിമിംഗ്, കോമിക്സ് എന്നിവ ഉൾപ്പെടെയുള്ള എ.വി.ജി.സി. വ്യവസായ മേഖലയിലെ സംരംഭകർക്ക് സഹായം അനുവദിക്കുമെന്ന നടപ്പ് വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ) | അനിമേഷൻ, വിഷ്വൽ എഫക്ട്, ഗെയിമിംഗ്, കോമിക്സ്-എക്സ്റ്റൻഡഡ് റിയാലിറ്റി (എ.വി.ജി.സി-എക്സ്ആർ) നയം-2024-ന് തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. ഈ നയത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി നിർവ്വഹണത്തിനായി കേരള സ്റ്റാർട്ട്-അപ്പ് മിഷൻ സമർപ്പിച്ച 786.40 കോടി രൂപയുടെ പ്രൊപ്പോസൽ ഇലക്ട്രോണിക്സും വിവര-സാങ്കേതിക വിദ്യയും വകുപ്പ് പരിശോധിച്ചു വരുന്നുണ്ട്. കൂടാതെ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജീസിന്റെ റീജിയണൽ സെന്റർ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന് ഇലക്ട്രോണിക്സും വിവര-സാങ്കേതിക വിദ്യയും വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഇനത്തിൽ നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത ഇനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ